10709
26/5/18

**കേരള സർക്കാർ**

പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

നമ്പർ : **2511197/എം1/2018/പൊ.വി.വ.** തീയതി, തിരുവനന്തപുരം, 25/05/2018
e-file No. M1/120/Ge-EDN

# <u>പരിപത്രം</u>

വിഷയം: പൊതുവിദ്യാഭ്യാസ വകുപ്പ് - കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 2018 ജൂൺ 19 മുതൽ ജൂലൈ 7 വരെ വായന പക്ഷാചരണം സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1) സർക്കാർ പരിപത്രം നമ്പർ 221/എം.2/2017/പൊ.വി.വ. തീയതി 22.04.2017
2) 17.05.2018-ൽ ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ചേംബറിൽ കൂടിയ യോഗത്തിലെ തീരുമാനങ്ങൾ.

സൂചന(1) സർക്കാർ പരിപത്രം പ്രകാരം സംസ്ഥാനത്ത് എല്ലാ വർഷവും ജൂൺ 19 മുതൽ ജൂലൈ 7 വരെയുള്ള ദിവസങ്ങൾ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വായനാപക്ഷമായി ആചരിക്കണമെന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഗ്രന്ഥശാലകളെയും സ്കൂൾ ലൈബ്രറികളെയും ഇതരസാംസ്കാരിക സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ രീതിയിൽ വായനാപക്ഷാചരണം സംസ്ഥാനത്ത് സംഘടിപ്പിക്കുവാൻ സൂചന(2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) 2018 ജൂൺ 19 മുതൽ ജൂലൈ 7 വരെ സംസ്ഥാനത്ത് വായനാപക്ഷമായി ആചരിക്കേണ്ടതാണ്.

2) വായനാപക്ഷാചരണത്തിന്റെ പ്രവർത്തനങ്ങൾക്ക് സംസ്ഥാന തലത്തിൽ വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനും സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സെക്രട്ടറി

കൺവീനറും പൊതുവിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, സാംസ്കാരിക വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ്, വിവര പൊതുജന സമ്പർക്ക് വകുപ്പ്, എഡ്യുക്കേഷൻ മിഷൻ എന്നിവയിൽ നിന്നുള്ള പ്രതിനിധികൾ അംഗങ്ങളുമായിട്ടുള്ള ഒരു സമിതി ഉണ്ടായിരിക്കുന്നതാണ്. ആയതിനായി ബന്ധപ്പെട്ട വകുപ്പ് പ്രതിനിധികളെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള ഉത്തരവിറക്കേണ്ടതാണ്.

3) ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി കൺവീനറും വിവിധ വകുപ്പ് പ്രതിനിധികളും സാംസ്കാരിക-വിദ്യാഭ്യാസ പ്രവർത്തകരും അംഗങ്ങളായുള്ള ജില്ലാതല സംഘാടക സമിതി രൂപീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ (ഡി.ഡി.ഇ) ഇതിനുവേണ്ട മുൻകൈയെടുക്കേണ്ടതാണ്. ജില്ലാതല സംഘാടക സമിതികൾ മേയ് 31നകം നിലവിൽ വരുന്ന വിധം യോഗങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

4) സംസ്ഥാനതല പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള ചുമതല സംസ്ഥാന സമിതിക്കും ജില്ലാതല പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള ചുമതല ജില്ലാതല സമിതികൾക്കുമായിരിക്കും.

5) എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അവിടുത്തെ ലൈബ്രറിയുടെ സഹായത്തോടെ ഒരു ദിവസത്തെ സെമിനാർ/പുസ്തക പ്രദർശനം/അനുസ്മരണ പ്രഭാഷണം എന്നിവ സംഘടിപ്പിക്കേണ്ടതാണ്.

6) വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും വായനാ പക്ഷാചരണം സംഘടിപ്പിക്കണം. ഹൈസ്കൂൾ, യു.പി. സ്കൂൾ വായനോത്സവങ്ങളും വനിതകളുടെയും മുതിർന്നവരുടേയും വായനാ മത്സരങ്ങളും ഈ കാലയളവിൽ നടത്തണം. അനുസ്മരണ പ്രഭാഷണങ്ങളും പുസ്തകങ്ങളുടെ പ്രദർശനവും പരിചയപ്പെടുത്തലും നടത്തേണ്ടതാണ്.

7) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ആഭിമുഖ്യത്തിൽ ലൈബ്രറി കൗൺസിലുമായി ചേർന്ന് സ്കൂൾ ലൈബ്രറികൾ, ക്ലാസ് റൂം ലൈബ്രറികൾ എന്നിവ മികവുറ്റ നിലയിൽ സജ്ജീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സ്കൂൾ ലൈബ്രറി ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന വിദ്യാർത്ഥിയെ അനുമോദിക്കേണ്ടതാണ്.

8) എഴുത്തുകാർ, അദ്ധ്യാപകർ, ലൈബ്രേറിയന്മാർ എന്നിവരെ ആദരിക്കുന്ന ചടങ്ങുകൾ സംഘടിപ്പിക്കേണ്ടതാണ്.

9) എല്ലാ തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളും വായനാപക്ഷാചരണം സംഘടിപ്പിക്കേണ്ടതാണ്. പ്രേരക്മാർ വായനയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതാണ്.

10) വായനാപക്ഷത്തിലെ ഏതെങ്കിലും ഒരു ദിനത്തിൽ പ്രധാനപ്പെട്ട ഒരു ഗ്രന്ഥത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഒരു ഭാഗം വായിക്കുന്ന പരിപാടി സ്കൂളിൽ നടത്തേണ്ടതാണ്.

11) സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള എല്ലാ സാംസ്കാരിക സ്ഥാപനങ്ങളും ഇതോടനുബന്ധിച്ച് പ്രത്യേക പരിപാടികൾ സംഘടിപ്പിക്കേണ്ടതും ഗ്രന്ഥശാലകൾക്ക് അതിനുള്ള സഹായം ചെയ്തുകൊടുക്കേണ്ടതുമാണ്. അമൂല്യ പുസ്തകങ്ങളുടെയും പുരാരേഖകളുടേയും പ്രദർശനവും സംഘടിപ്പിക്കാവുന്നതാണ്.

12) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ മിഷൻ എന്നിവയുടെ സഹകരണത്തോടെ ഒരു പൊതുപരിപാടിയെങ്കിലും സംഘടിപ്പിക്കേണ്ടതാണ്.

13) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിൽ വായനാ പക്ഷാചരണത്തിന്റെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

14) വായനാപക്ഷാചരണം സംബന്ധിച്ച പ്രചരണം, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പ് ഏറ്റെടുക്കേണ്ടതാണ്. പ്രചാരണത്തിന് ആവശ്യമായ പോസ്റ്റർ അച്ചടിച്ചുനൽകേണ്ടതാണ്.

**എ. ഷാജഹാൻ**
സെക്രട്ടറി

ഉന്നത വിദ്യാഭ്യാസ വകുപ്പ്
തദ്ദേശസ്വയംഭരണ വകുപ്പ്
സാംസ്കാരിക വകുപ്പ്
റവന്യൂ വകുപ്പ്
വെബ്&ന്യൂ മീഡിയ വിഭാഗം, വിവര പൊതുജനസമ്പർക്ക വകുപ്പ്
ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, സാക്ഷരതാ മിഷൻ അതോറിട്ടി
ഡയറക്ടർ, തുടർവിദ്യാഭ്യാസ കേന്ദ്രം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടറി, കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള എഡ്യുക്കേഷൻ മിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ, തിരുവനന്തപുരം
എല്ലാ ഡി.ഡി.ഇ.മാർക്കും (ഡി.പി.ഐ.മുഖേന)
എല്ലാ ഡി.ഇ.ഒ.മാർക്കും (ഡി.പി.ഐ.മുഖേന)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Namitha
സെക്ഷൻ ഓഫീസർ